## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.443 — 24.01.2018-ൽ മറുപടിയ്ക്ക്

### <u>ജി.എസ്.റ്റിയും കോമ്പൻസേഷൻ തുകയും</u>

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജി.എസ്.റ്റി നിലവിൽ വന്നശേഷം സംസ്ഥാനത്ത് വരുമാന വർദ്ധന വുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര യെന്ന വ്യക്തമാക്കാമോ ; | (എ) | സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയപ്പോൾ പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് വർദ്ധന ഉണ്ടായിട്ടില്ല. |
| (ബി) | കോമ്പൻസേഷൻ സ്കീമിൽ ഉൾപ്പെട്ട വ്യാപാരികൾ തെറ്റായി ഉപഭോക്താക്കളിൽ നിന്നും നികുതി ഈടാക്കിവരുന്ന കാര്യം ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യ ത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ; | (ബി) | ഉണ്ട്. സംസ്ഥാനത്തെ കടകളിൽ നിന്നും വ്യാപകമായി ബില്ലുകൾ ശേഖരിക്കുകയും കോമ്പൗണ്ടിംഗ് രീതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് നികുതി പിരിക്കാൻ അവകാശം ഇല്ല എന്ന ബോധവത്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. കച്ചവടക്കാരുടെ രജിസ്ട്രേഷൻ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അറിയുന്നതിനായി മൊബൈൽ ആപ്പ് പുറത്തിറക്കിയിട്ടുണ്ട്. മാസ് മീഡിയ വഴിയും ഇതിനുവേണ്ട ബോധവത്കരണം നടത്തുന്നുണ്ട്. |
| (സി) | ജി.എസ്.റ്റി നിലവിൽ വന്നശേഷം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച കോമ്പൻസേഷൻ തുകയെത്ര യെന്ന് വ്യക്തമാക്കാമോ; | (സി) | ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ടു ഗഡുക്കളായി ജൂലൈ- ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. |
| (ഡി | ജി.എസ്.റ്റി ഇനത്തിൽ ഉപഭോ ക്താക്കളിൽ നിന്നും ഈടാക്കുന്ന മുഴുവൻ തുകയും സർക്കാരിലേയ്ക്ക് എത്തുന്നു എന്ന് ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീക രിച്ചിരിക്കുന്നത് എന്ന് വ്യക്തമാ ക്കാമോ ? | (ഡി) | ജി.എസ്.ടി സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തനസജ്ജമായിട്ടില്ലാത്തതിനാൽ ജി.എസ്.ടി നിയമപ്രകാരമുള്ള റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യപ്പെട്ടിട്ടില്ല. റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്തതിനുശേഷമേ സൂക്ഷ്മ പരിശോധന നടത്തി നികുതിവെട്ടിപ്പ് കണ്ടുപിടിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ